സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിൽ പുതുതായി പ്ലസ്ടു കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച്

127 [746] ശ്രീ. എ. കെ. ബാലൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിൽ പുതുതായി എത്ര പ്ലസ്ടു സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ക്കൂളുകൾക്കാണ് പുതിയ ബാച്ചുകൾ ആരംഭിക്കാൻ അനുവാദം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിൽ പുതിയ സ്കൂളുകളും കോഴ്സുകളും ബാച്ചുകളും ആരംഭിക്കുന്നതിനുവേണ്ടി അനുവാദം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കുമോ;

(ഡി) എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിൽ പ്ലസ്ടു സ്കൂളുകൾ ആരംഭിക്കാൻ എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത് എന്നും അതിൽ ഏതെല്ലാം സ്കൂളുകൾക്കാണ് പുതുതായി കോഴ്സുകളും ബാച്ചുകളും അനുവദിച്ചത് എന്നും വ്യക്തമാക്കുമോ;

(ഇ) കുഴൽമന്ദം മണ്ഡലത്തിൽ പ്ലസ്ടു കോഴ്സ് ആരംഭിക്കുന്നതിനുവേണ്ടി ഏതെല്ലാം സ്കൂൾ അധികൃതരുടെ കയ്യിൽ നിന്നും പി.ടി.എ. കമ്മിറ്റിക്കാരിൽ നിന്നും അപേക്ഷ ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത അപേക്ഷകളിൻമേൽ എന്ത് തീരുമാനമെടുത്തു എന്നും വ്യക്തമാക്കുമോ;

(ജി) കുഴൽമന്ദം മണ്ഡലത്തിലെ എരിമയൂർ, തേങ്കുറിശ്ശി, തോലന്നൂർ എന്നീ ജി. എച്ച്. എസ്. സി. എ. ജി., എച്ച്. എസ്. എന്നിവിടങ്ങളിൽ എന്നത്തേയ്ക്ക് പള്സ്ടു കോഴ്സ് അനുവദിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എയ്ഡഡ് മേഖലയിൽ 14 പ്ലസ്ടു സ്കൂളുകളും അൺഎയ്ഡഡ് മേഖലയിൽ 333 പ്ലസ്ടു സ്കൂളുകളും ഗവൺമെന്റ് മേഖലയിൽ 194 പ്ലസ്ടു സ്കൂളുകളും അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള 512 എയ്ഡഡ് സ്കൂളുകളിലും 333 അൺഎയ്ഡഡ് സ്കൂളുകളിലും അൺഎയ്ഡഡ് ആയി ഓരോ ബാച്ചുകൂടി ആരംഭിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) താഴെപ്പറയുന്ന മാനദണ്ഡപ്രകാരമാണ് സ്കൂളുകൾക്കും കോഴ്സുകൾക്കും അനുവാദം നൽകുന്നത്:

1. ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസപരമായ ആവശ്യകത.
2. ഓരോ പ്രദേശത്തിന്റെയും സാമൂഹികവും വിദ്യാഭ്യാസ പരവുമായ പിന്നോക്കാവസ്ഥ.
3. സ്കൂളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ.
4. സ്കൂളിലെ കുട്ടികളുടെ എണ്ണം.
5. സ്കൂളിന്റെ അക്കാഡമിക് നേട്ടം.
6. പ്രദേശത്തിന്റെ വിദ്യാഭ്യാസ അസന്തുലിതാവസ്ഥ.

(ഡി, ഇ, എഫ്) എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിൽ പുതുതായി പ്ലസ്ടു സ്കൂളുകൾ ആരംഭിക്കാൻ സർക്കാർ ഈ വർഷം അപേക്ഷകളൊന്നും ക്ഷണിച്ചിട്ടില്ല.

(ജി) എരിമയൂർ ഗവൺമെന്റ് ഹൈസ്കൂളിൽ ഈ അധ്യായനവർഷം പ്ലസ്ടു കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകിക്കഴിഞ്ഞു. മറ്റു രണ്ടു സ്കളുകളിലും പ്ലസ്ടു കോഴ്സ് അനുവദിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ഓപ്പൺ സ്ക്കൂൾ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

128[747] ശ്രീ. യു. സി. രാമൻ :

,, സി. മമ്മൂട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, സി. മോയിൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ സ്ക്കൂൾ പ്ലസ്ടുവിന് എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓപ്പൺ സ്ക്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഓപ്പൺ സ്ക്കൂൾ-പ്ലസ് ടുവിന് ഓപ്പൺ സ്ക്കൂൾ റഗുലർ സ്കീമിൽ 5195 വിദ്യാർത്ഥികളും പ്രൈവറ്റ് രജിസ്ട്രേഷന് 78887 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly